# കോവിഡ്കാലം

## അനുഭവം | വിചാരം | വിചാരണ

എഡിറ്റേഴ്സ്:
ഡോ. പി സി അഷറഫ്
ജലീൽ പടന്ന



Covid kalam
anubavam| vicharam | vicharana

Rights Reserved

First Edition
September 2020
Copy - 1000

Editors
Dr. P. C. Ashraff
Jaleel Padanna

Cover Design
C. M. Shareef
(Executive Editor, Janapaksham Monthly)

Layout
Raveendran Panankavu

Publishers:
Sahora Books, Padanna
Sahora Samskarika Vedi
P. O. Padanna, Kasargod - 670313
e-mail: sahorabooks@gmail.com

ISBN 978-93-5408-161-3

Printed at
Vibgyor Print Innovations, Kozhikode

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

Price ₹ 300/-

66 ഒരു മറ അകലം 352
ശ്രീരാഗ് ഏ വി

67 കുഴമറിച്ചിലിന്റെ കാലം 353
ഫാത്തിമ ഷമീം

68 കീഴ്മേൽ മറിയുന്ന ലോകം 358
ദിയ ഫാത്തിമ

69 സമത്വം 361
ജിഷ വി വി

70 ഒരു വീട്ടമ്മയുടെ അതിസാധാരണ ചിന്തകൾ 364
ഫൗസിയ ലത്തീഫ്

71 കാഴ്ചകളുടെ ആഴം 368
ഹാരിഫ് പാട്ടില്ലത്ത്

72 ശൂന്യം 371
ശ്രീധരൻ കുട്ടമത്ത്

73 ഒരു കൊറോണക്കാല പ്രസവം 372
അഞ്ജലി സുരേഷ് എം

74 വെളിച്ചത്തിന്റെ വിത്ത് 377
സുരേന്ദ്രൻ കാടങ്കോട്

75 അതിഥി അധ്യാപകന്റെ തിരുമുറിവുകൾ 379
ഷൈജു പി.കെ

76 വിദ്വേഷ വൈറസിനും വേണം വാക്സിൻ 381
വി കെ പി റാഫി

77 മഹാമാരിയും മഹാനഗരവും:
ചില ശ്ലഥചിന്തകൾ 385
മുഹമ്മദ് പടന്ന

78 ഒടുവിലെല്ലാവരും കൈകഴുകിത്തുടങ്ങി 389
പി പി രവി പടന്ന

# അതിഥി അധ്യാപകന്റെ തിരുമുറിവുകൾ

ഷൈജു പി.കെ

ആടി ഉലഞ്ഞ ഓരുവള്ളത്തിന്റെ ഇരിപ്പു പലകയിൽ പിടിച്ച്
ജീവിതം തുന്നിതുടങ്ങാൻ വീർപ്പുമുട്ടുന്ന വേളയിലാണ് സ്വപ്നത്തിന്റെ
ഇത്തിരി പോന്ന നീർക്കുമിളകളുമായി പ്രശസ്തമായ കോളേജിൽ
അതിഥി അധ്യാപകനായി ജീവിതം തുടങ്ങിയത്. താളം തെറ്റി, രുചി പെരു
മകളൊന്നും അറിയാതെ എന്റെ മകൻ വളർന്ന ബാല്യത്തിന് അറുതി
വരുമെന്ന്, കഞ്ഞിയും ചമ്മന്തിയും മാത്രമേ തരാൻ കഴിയൂ എന്ന് പറഞ്ഞ്
കൂടെ കൂട്ടിയ പ്രണയിനിക്ക് സ്വപ്നങ്ങൾ നിറഞ്ഞ ജീവിതം നല്കാ
മെന്ന് ദിനരാത്രങ്ങൾ മെല്ലെ എന്നെ ഓർമ്മപ്പെടുത്തി. സ്വപ്നക്കൂടിന്റെ
തുലാഭാരം ശരാശരി മലയാളിയുടെ ബോധമണ്ഡലത്തിലെന്ന പോലെ
എന്നെയും കീഴടക്കി.

പുത്തൻ കുപ്പായവും ഷൂസും വാങ്ങി ദാരിദ്ര്യത്തിന്റെ അടയാള
ങ്ങളെ ആദ്യമാസത്തെ വേതനത്തിൽ പുറത്താക്കി (അതൊരു തരം
പക പോക്കലായിരുന്നു, ഞങ്ങളുടെ ജീവിതത്തിലേക്ക് എത്തി നോക്കി
യവരോട്). മകനെ എനിക്ക് കിട്ടാത്ത സൗകര്യത്തോടെ പഠിപ്പി ക്കാൻ
ഏർപ്പാട് ചെയ്തു. പ്രണയിനിക്ക് പൊന്നിന്റെ മൊട്ടുകമ്മലും കൊലു
സും വാങ്ങി. പത്രാസ് കൂടുന്നു എന്ന് പറയുമ്പോഴൊക്കെ ഞാനൊരു
തികഞ്ഞ പൊങ്ങച്ചക്കാരനായി. ജീവിതത്തിന്റെ നിറങ്ങളൊന്നും
ചൂടാതെ കൗമാരവും എന്നിൽ നിന്നും പതിയെ തിരിഞ്ഞ് നടക്കാൻ
തുടങ്ങി. വ്യാകുലതകൾ ഏറി വരുന്നു. ഒന്നായ് ജീവിച്ച് തുടങ്ങിയിട്ട്
പതിനൊന്ന് വർഷങ്ങൾ പിന്നിടുന്നു.

വാടക വീടിന്റെ 'വാടകക്കാര'നിൽ നിന്ന് വീടെന്ന സ്വപ്ന
ത്തിലേക്ക് ഇനിയെത്ര ദൂരമെന്ന് മനസ് ചോദിക്കാൻ തുടങ്ങിയിരി
ക്കുന്നു. കുറഞ്ഞ മാസവേതനത്തിൽ നിന്നും ചിട്ടിക്ക് ചേർന്നു. അവധി
ദിനങ്ങൾ മത്സര പരീക്ഷകളിലെ പരിശീലകനായി. വിശ്രമമില്ലാത്ത
ജീവിതത്തിന്റെ തിരക്കുകളിലേക്ക് രാവന്തിയോളം എന്നെ തന്നെ ബലി
അർപ്പിച്ചു. ഇടവിട്ട് പരീക്ഷകനായി. രോഗം പലപേരുകളിൽ മാറി മാറി
വേട്ടയാടിയിട്ടും ജീവിതം തന്ന കരുത്തിന് മുന്നിൽ തോറ്റ് പിൻമാറി. കരു
പ്പിടിപ്പിച്ച സമ്പാദ്യത്തിന്റെ നാണയത്തുട്ടുകൾ അതിനിടയിൽ ചോർന്ന്
ചോർന്ന് പിന്നെയും ഞാൻ കടക്കാരനായി. എങ്കിലും നീ തന്ന സ്നേഹ
ക്കുരുക്കിന് മുന്നിൽ ഒന്നിച്ച് വിയർപ്പൊഴുക്കാൻ തീരുമാനിച്ചു. സ്വപ്ന
ങ്ങൾ പലപ്പോഴും ചിതറിയെങ്കിലും നീയിന്ന് മേലഴകിന്റെ കുപ്പായം
തുന്നി ജീവിതത്തിന് നിറം ചാർത്തി.

പെടുന്നനെയായിരുന്നു വാർഷിക പരീക്ഷകളുടെ ആരവങ്ങളൊന്നു
മില്ലാതെ കൊഴിഞ്ഞ് വീണ വാകപ്പൂക്കളുടെ വിരഹ കഥയൊന്നും കേൾ

ക്കാതെ, രാവിന്റെയും പകലിന്റെയും ദൈർഘ്യം മാത്രം കണക്ക് കൂട്ടാൻ പഠിപ്പിച്ച പഴയ മേൽക്കൂരയെ ഓർമ്മിപ്പിച്ച് ജീവിതത്തിന്റെ ഹൃദയതാള ത്തിന് മുകളിൽ 'ലോക് ഡൗൺ' പ്രഖ്യാപിച്ചത്. പൊടുന്നനെ കിട്ടിയ വേനൽമഴയെന്ന പോലെ തകർച്ചയുടെ ആഴം മനസിലാവാതെ ഞാനും ആദ്യ ദിനങ്ങൾ മകനോടൊപ്പം കളിച്ച്, ചിത്ര രസക്കൂട്ടുകൾ പകർത്തി.

ഓരോ ദിനവും പിന്നിടവെ ഭീതതമാവുന്നു വാർത്തകൾ. കേട്ട് പരിചിതമല്ലാത്ത വാക്കുകൾക്കൊപ്പം ചിത്രങ്ങളും. അങ്ങാടിയിൽ ആളെ ണ്ണം കുറഞ്ഞു. പരിചിതമുഖങ്ങളിലെ കണ്ണുകൾ അപരിചതനെ പോലെ നോക്കി. അവശ്യസാധനങ്ങളുടെ പട്ടികയുമായി പ്രണയിനി വന്നിരുന്ന പ്പോൾ ഞാൻ അറിയാതെ കീശ പരതി. കാരണം മാസാദ്യം മാത്രമാ ണല്ലോ ഞാൻ സമ്പന്നൻ. ദുരന്തം നീണ്ട് പോകില്ലെന്നുറപ്പിച്ച് പട്ടിക വെട്ടി പാതിസഞ്ചിയുമായി വീടെത്തിയപ്പോൾ മോൻ ഓടിയെത്തി ബിസ്കറ്റ് കൂട് പരതി. ബാക്കിയായി കിട്ടിയ രണ്ട് മിഠായിയിൽ വാശി യൊന്നും കാട്ടാത്ത മകനെ ദാരിദ്ര്യത്തിന്റെ വലിയ ലോകത്തെ കുറിച്ച് പറഞ്ഞ് ഭീഷണിപ്പെടുത്തി.

കലണ്ടറിലെ അക്കങ്ങളെ കീഴ്പ്പെടുത്തി ദിനരാത്രങ്ങൾ പിന്നിടുമ്പോൾ എവിടെയൊക്കയോ താളം പിഴയ്ക്കുന്നത് പോലെ. ഭരണകൂടം പ്രഖ്യാപിച്ച ആനുകൂല്യമില്ല. റേഷൻ കാർഡില്ല, അരിയില്ല. ഞാനിന്ന് 'അഭയാർത്ഥി' മാത്രമാണ്. ഭവതി ആശ്വസിപ്പിച്ചു.

'വേതനം വൈകാതെ വരും...'

കൊറോണ കാലമല്ലെ. ഞാനും ആശ്വസിച്ചു. വന്നു..! മാസാദ്യമാണ്. ലിസ്റ്റ് എഴുതി നോക്കി. വാടക, വണ്ടി അടവ്, ചിട്ടി, അയൽക്കൂട്ട ലോൺ, പത്രം, പാൽ, അരി, പച്ചക്കറി, മരുന്ന് നീണ്ട് പോകുന്നു... വെട്ടി ചുരു ക്കിയിട്ടും ചുരുങ്ങാത്ത ചിലത് എന്നെ തുറിച്ച് നോക്കി. കിട്ടിയ വേതനം എണ്ണി നോക്കി ഞാനാകെ വെന്ത് നീറി. മേലാകെ തീ തണുപ്പ് പടരുന്നത് പോലെ.

അടുക്കളപ്പുറത്ത് വെള്ളം ഒഴിച്ച് തളിർത്ത കാന്താരിമുളക് കായ്ച്ച് കിടക്കുന്നുണ്ട്. മുറ്റത്തെ വരിയ്ക്കപ്ലാവും. മധുരം നുണയാത്ത ബാല്യത്തിന്റെ ചുണ്ടുകൾ കാണുമ്പോൾ മാത്രം ഞാൻ നിസ്സാഹായ നായിപ്പോകും. സാരമില്ല, ജീവിതത്തിന്റെ കയ്പ്പെത്ര കുടിച്ചാലാണ് അവനും ജീവിതനൗക തുഴഞ്ഞ് കരേറാനാവുക. അവധിക്കാലമാണ്. വേതനം വെട്ടിച്ചുരുക്കുന്ന കാലം. ഇനി പഴയ കുപ്പായം അണിയണം. ഭാസ്ക്കരൻ മേസ്ത്രിയെ കാണണം. മുഴക്കോലും തൂക്കുകട്ടയും മച്ചിൻ പുറത്ത് നിന്നും ഇറക്കി വെച്ചു. 'ഡ്രോണി'ന്റെ കണ്ണിൽപെടരുത്. കരുതിയിരിക്കേണ്ട കാലമാണ്. എന്റെ കുട്ടികളോട് പരിഹസിച്ച് ചിരി ക്കരുത്. തോറ്റു കൂടാ. അതിജീവിച്ചേ മതിയാവൂ...

*(സഹോദര നടത്തിയ ഓൺലൈൻ മത്സരത്തിൽ രണ്ടാം സമ്മാനം നേടിയ കഥ)*